അനധികൃത ഫയറിംഗ് പരിശീലനം സംബന്ധിച്ച അന്വേഷണം

112 (1047) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനാംഗങ്ങൾക്ക് വെടിവയ്പ്പിൽ പരിശീലനം നൽകുന്ന മൂക്കുന്നിമല പോലീസ് ഫയർ റേഞ്ചിൽ പോലീസുകാരല്ലാത്തവർക്ക് ഫയറിംഗിൽ പരിശീലനം നൽകുവാൻ അനുവാദം കൊടുക്കുമോ ;

(ബി) 2000 ഡിസംബർ 9-ാം തീയതി മൂക്കുന്നിമലയിലെ പോലീസ് ഫയർ റേഞ്ചിൽ വച്ച് സംസ്ഥാന പോലീസിലെ ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്ക് ഫയറിംഗ് പരിശീലനം നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ ;

(ഡി) ഈ പരിശീലനത്തിനായി ഗവൺമെന്റ് സ്റ്റോക്കിലുള്ള ആന്റി റൈറ്റ് ഗൺ, എസ്.എൽ. ആർ., സ്റ്റൺഗൺ, എ. കെ. 47 റൈഫിൾ, എൽ. എം. ജി നയൻ എം. എം എന്നീ നവീനായുധങ്ങൾ ഉപയോഗിച്ചതായി ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇല്ലാത്തപക്ഷം ഈ ആയുധങ്ങൾ അതിനായി ഉപയോഗിച്ചുവോ എന്ന് അന്വേഷിക്കുമോ ;

(എഫ്) ഈ പരിശീലനത്തിന് എത്ര അമുനീഷൻ ഉപയോഗിച്ചു ;

(ജി) അമുനീഷൻ എന്താവശ്യത്തിനുപയോഗിച്ചു എന്നാണ് ഇതു സംബന്ധിച്ച് കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് ;

(എച്ച്) ആരാണ് ഇതിനുള്ള അമുനീഷൻ വാങ്ങിക്കൊണ്ടുപോയത് ;

(ഐ) ഈ പരിശീലനത്തിനായി എത്ര പോലീസ് ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവനം വിട്ടുകൊടുത്തു ;

(ജെ) ആരുടെ ആവശ്യപ്രകാരമാണ് മൂക്കുന്നിമലയിലെ ഫയർ റെയിഞ്ച് നവീന ആയുധങ്ങൾ, 600 ഓളം അമുനീഷൻ എന്നിവയും പരിശീലിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരെയും ഇക്കാര്യത്തിനായി നൽകിയത് ;

(കെ) ആരുടെ ഉത്തരവനുസരിച്ചാണിവ നൽകിയത് ;

(എൽ) ഈ സംഭവത്തിൽ കുറ്റക്കാരായവരുടെ മേൽ അച്ചടക്കനടപടി എടുക്കുമോ ?

ഉത്തരം

(എ) മൂക്കുന്നിമല ഫയറിംഗ് റേഞ്ച് ഇൻഡ്യൻ ആർമിയുടെ നിയന്ത്രണത്തിലാണ്. അതിനാൽ പോലീസുകാരല്ലാത്തവർക്ക് ഫയറിംഗിൽ പരിശീലനം നൽകാൻ കഴിയുമോ എന്ന കാര്യം സംസ്ഥാന സർക്കാരിന് പറയുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വസ്തുനിഷ്ഠമല്ലാത്ത അത്തരം ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-എൽ) 'ബി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സബ്ഡിവിഷൻ ആരംഭിക്കുവാൻ നടപടി

113 (1048) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു പോലീസ് സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

സബ് ഡിവിഷനുകളുടെ പുനഃസംഘടനാ സമയത്ത് പരിശോധിക്കാവുന്നതാണ്.

എ. ആർ. ക്യാമ്പിന്റെ പ്രവൃത്തി

114 (1049) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കീഴരിയൂരിലെ എ.ആർ ക്യാമ്പിന്റെ പ്രവൃത്തി എവിടെ വരെ പൂർത്തിയായിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ക്യാമ്പിന്റെ പ്രവൃത്തിയുടെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചുറ്റുമതിൽ, വാട്ടർസപ്ലൈ സംവിധാനം എന്നിവ നിർമ്മിക്കാൻ ഉടൻ നടപടി എടുക്കുമോ എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ക്യാമ്പിനുവേണ്ടി എത്ര രൂപയുടെ തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എ. ആർ. ക്യാമ്പിനുവേണ്ടി 36 ക്വാർട്ടേഴ്സുകൾ പണിതിട്ടുണ്ട്.

(ബി & സി) എ. ആർ. ക്യാമ്പിന് ചുറ്റുമതിൽ കെട്ടുന്നതിനും, കുഴൽ കിണർ കുഴിക്കുന്നതിനും കൂടാതെ ഓപ്പൺ വെൽ കുഴിക്കുന്നതിനുമാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. എ. ആർ. ക്യാമ്പിനുവേണ്ടി നാളിതുവരെ 90,49,774 രൂപ ചെലവഴിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി

115 (1050) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly